# # Palakkad Police Action #

## സ്വർണ്ണ വ്യാപാരിയെ കത്തികാട്ടി മർദ്ദിച്ച് 8 ലക്ഷം രൂപയുടെ മുതലുകൾ കൊള്ളയടിച്ച സംഭവത്തിൽ 4 പേർ അറസ്റ്റിൽ

സ്വർണ്ണ വ്യാപാരിയെ കത്തികാട്ടി മർദ്ദിച്ച് മുതലുകൾ കൊള്ളയടിച്ച സംഭവത്തിൽ സംഘത്തലവൻ ഉൾപ്പെടെ നാലുപേരെ പാലക്കാട് ടൗൺ നോർത്ത് പോലീസ് അറസ്റ്റു ചെയ്തു. ഒറ്റപ്പാലം, മനിശ്ശേരി, മിഥുലാ വിഹാറിൽ മിഥുൻ വ ഃ 25, കണ്ണിയം പുറം ചാത്തൻ പ്ലാക്കൽ വീട്ടിൽ വിഷ്ണു എന്ന സൽമാൻ വ ഃ 21, ഈസ്റ്റ് ഒറ്റപ്പാലം പടിഞ്ഞാറ്റേതിൽ മുഹമ്മദ് അഫ്സൽ വ ഃ 24, കണ്ണിയം പുറം , കോണിക്കൽ വീട്ടിൽ ശൗരി ദേവ് വ ഃ24 എന്നിവരെയാണ് അറസ്റ്റു ചെയ്തത്.

ഒന്നാം പ്രതി മിഥുന് Rent A Car പരിപാടിയാണ്, കൂട്ടു പ്രതികളായ വിഷ്ണുവിന് നേരത്തെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ കളവ്, കൊലപാതകശ്രമം എന്നീ കേസ്സുകൾ നിലവിലുണ്ട്, ശൗരി ദേവിനും, അഫ്സലിനും ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ അടിപിടി കേസ്സുകളും നിലവിലുണ്ട്. പ്രതികൾ സഞ്ചരിച്ച കാറും , ബൈക്കും പോലീസ് ബന്തവസ്സിൽ എടുത്തിട്ടുള്ളതുമാണ്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു

ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം, നടത്തിയ കേസ്സന്വേഷണത്തിൽ പാലക്കാട് DYSP G. D.വിജയകുമാർ, ടൗൺ നോർത്ത് ഇൻസ്പെക്ടർ C. അലവി, SI. R.രഞ്ജിത്ത്, ASI നന്ദകുമാർ, ക്രൈം സ്ക്വാഡ് അംഗങ്ങളായ R. കിഷോർ, M. സുനിൽ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, K. സുരേഷ് കുമാർ , M.സതീഷ്, S. സന്തോഷ് കുമാർ, ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെ CPO V.രവികുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

